മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2026 മെയ് 29

എം.ജി. സർവകലാശാല ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ബിരുദ/ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

മാനേജ്മെന്റ് വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ ആദ്യം ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും, ലഭിക്കുന്ന അപേക്ഷാ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്.

ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷാ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജ്മെന്റ്, ലക്ഷദ്വീപ് കാറ്റഗറികളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോർട്സ്/കൾച്ചറൽ കാറ്റഗറി വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കും ഓൺലൈനായി അപേക്ഷിക്കണം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവകലാശാല പ്രസിദ്ധീകരിക്കുന്നതും രേഖകളുടെ പരിശോധന സർവകലാശാല കേന്ദ്രീകൃതമായി നടത്തുന്നതുമായിരിക്കും.

അപേക്ഷകർ സർട്ടിഫിക്കറ്റുകളുടെ ഡിജിറ്റൽ പകർപ്പ് അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്. ഏകജാലക സംവിധാനത്തിൽ അക്കൗണ്ട് ഉണ്ടാക്കുന്ന സമയത്ത് നൽകുന്ന അപേക്ഷകന്റെ പേര്, സംവരണ വിഭാഗം, മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, അക്കാദമിക് വിവരങ്ങൾ (മാർക്ക്) എന്നിവ പിന്നീട് തിരുത്താനാവില്ല. ഇവയൊഴികെയുള്ള വിവരങ്ങൾ സാധുത അലോട്ട്മെന്റിന് ശേഷം ആവശ്യമെങ്കിൽ തിരുത്താവുന്നതും, ഓപ്ഷനുകൾ പുനഃക്രമീകരിക്കുകയോ ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതുമാണ്. നിശ്ചിത തീയതിക്ക് ശേഷം അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനോ

ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനോ സാധിക്കുകയില്ല.

സംവരണാനുകൂല്യം അവകാശപ്പെടുന്ന അപേക്ഷകർ ഓൺലൈൻ അപേക്ഷയോടൊപ്പം റവന്യൂ അധികാരിയിൽ നിന്നുമുള്ള കമ്മ്യൂണിറ്റി/കാസ്റ്റ് സർട്ടിഫിക്കറ്റിന്റെ ഡിജിറ്റൽ പകർപ്പ് അപ്ലോഡ് ചെയ്യേണ്ടതാണ്. ഇതേപോലെ തന്നെ വിമുക്തഭടൻ/ജവാൻ എന്നിവർക്കായുള്ള ബോണസ് മാർക്ക്, എൻ.സി.സി., എൻ.എസ്.എസ്. എന്നീ വിഭാഗങ്ങളിലെ ബോണസ് മാർക്ക് എന്നിവ അവകാശപ്പെടുന്നവർ പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഡിജിറ്റൽ പകർപ്പ് നിർബന്ധമായും അപ്ലോഡ് ചെയ്യേണ്ടതാണ്. മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിച്ചിട്ടുള്ളവരും റവന്യൂ അധികാരിയിൽ നിന്നുമുള്ള നിശ്ചിത പ്രൊഫോർമ പ്രകാരമുള്ള സർട്ടിഫിക്കറ്റിന്റെ ഡിജിറ്റൽ പകർപ്പ് അപ്ലോഡ് ചെയ്യേണ്ടതാണ്.

എയ്ഡഡ് കോളേജുകളിൽ പ്രസ്തുത കോളേജ് പ്രതിനിധാനം ചെയ്യുന്ന സാമുദായിക വിഭാഗത്തിനായി സംവരണം ചെയ്ത കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. പ്രസ്തുത സീറ്റുകളിലേക്ക് ഓരോ സമുദായത്തിലെയും അപേക്ഷകരിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ് സർവകലാശാല നേരിട്ട് നടത്തുന്നതായിരിക്കും. ഇത്തരത്തിലുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുമുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ ഡിജിറ്റൽ പകർപ്പ് അപ്ലോഡ് ചെയ്യേണ്ടതാണ്. എയ്ഡഡ്/എയ്ഡഡ് ഫോർവേഡ് കമ്മ്യൂണിറ്റി കോളേജുകളിലെ 70% മെറിറ്റ് സീറ്റുകളിലേക്കും 10% കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും, എയ്ഡഡ് ബാക്ക് വേഡ് കമ്മ്യൂണിറ്റി കോളേജുകളിലെ 60% മെറിറ്റ് സീറ്റുകളിലേക്കും 20% കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും, സർക്കാർ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേക്കും, സ്വാശ്രയ കോളേജുകളിലെ/പ്രോഗ്രാമുകളിലെ 50% മെറിറ്റ് സീറ്റുകളിലേക്കും സർവകലാശാല നേരിട്ട് ഏകജാലകം വഴിയായിരിക്കും പ്രവേശനം നടത്തുക.

സർവകലാശാല പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസിൽ നിർദ്ദേശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ, പ്രവേശന സമയത്ത് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് മുമ്പാകെ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇതിൽ യാതൊരു കാരണവശാലും ഇളവ് ലഭിക്കുന്നതല്ല.

സർവകലാശാല ഏകജാലക പ്രവേശന സംവിധാനത്തിന്റെ വെബ്സൈറ്റിൽ വിവിധ പ്രോഗ്രാമുകളുടെ ഫീസ് വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകർ ഇത് പരിശോധിച്ച് മനസ്സിലാക്കേണ്ടതാണ്. ക്യാപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ വായിച്ച് മനസ്സിലാക്കി തദനുസരണം പ്രവർത്തിക്കാതെയുണ്ടാകുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകളിൽ ഹെൽപ് ഡെസ്കുകൾ സജ്ജമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്നതിനായി കോളേജ് തല ഹെൽപ് ഡെസ്കുകളുടെ സഹായം തേടാവുന്നതാണ്. ഹെൽപ് ഡെസ്കുകളുമായി ബന്ധപ്പെട്ട ഫോൺ നമ്പറുകൾ ക്യാപ് വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈൻ രജിസ്ട്രേഷനായി cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ക്യാപുമായി ബന്ധപ്പെട്ട എല്ലാ വിശദ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഓ/39/449/2026)

പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബികോം എൽ.എൽ.ബി (2025 അഡ്മിഷൻ റെഗുലർ 2018 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബികോം എൽ.എൽ.ബി (2017 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മേഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ 4 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 6 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 9 വരെയും അപേക്ഷ സ്വീകരിക്കും.

.....

പത്താം സെമസ്റ്റർ ബി ആർക് (2021 അഡ്മിഷൻ റെഗുലർ 2019 മുതൽ 2020വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് ജൂൺ 3 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 4 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 5 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഓ/39/450/2026)

വൈവ വോസി

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ഏപ്രിൽ 2026 ന്റെ പ്രോജക്ട് / വൈവ വോസി പരീക്ഷകൾ ജൂൺ ഒന്ന് മുതൽ പാലാ സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ വച്ച് നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഓ/39/451/2026)

പരീക്ഷാഫലം

ഏഴാം സെമസ്റ്റർ ബാച്ലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് 2017, 2016 അഡ്മിഷനുകൾ മേഴ്സി ചാൻസ്) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 12 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(പി.ആർ.ഓ/39/452/2026)

പബ്ലിക് റിലേഷൻസ് ഓഫീസർ